പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **3805**

20.10.2016-ൽ മറുപടിക്ക്

## സമ്പൂർണ്ണ പാർപ്പിട പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബാബു | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) 2013-ലെ ലാന്റ് റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ആകെ 470606 ഭവനരഹിതരുണ്ട്. ഇതിൽ 179210 പേർ ഭവനരഹിതരും ഭൂരഹിതരുമാണ്. |
| (ബി) വീടും സ്ഥലവും ഇല്ലാത്തവർക്കായി നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ വിശദമാക്കുമോ; | (ബി) വീടും സ്ഥലവും ഇല്ലാത്തവർക്ക് താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് /നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.<br><br>1. <u>എല്ലാവർക്കും വീട് പദ്ധതി</u> ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡി നൽകുന്ന വായ്പകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള "എല്ലാവർക്കും വീട്" എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ. വിഭാഗക്കാർക്കായി 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ദുർബല വരുമാന വിഭാഗക്കാർക്കുള്ള 7000 |

വീടുകളുടെ നിർമ്മാണത്തിന് ഹഡ്കോ 231.84 കോടി രൂപ അനുമതി നൽകിയിട്ടുണ്ട്.

2. <u>സാഫല്യം ഭവന പദ്ധതി</u>

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകിയും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന സാഫല്യം ഭവന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

പദ്ധതിയിലൂടെ കൊല്ലത്ത് ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളും എറണാകുളത്ത് ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകളും കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. പാലക്കാട് ലക്കിടി-പേരൂരിൽ 24 ഫ്ളാറ്റുകളുടെ നിർമ്മാണം നടന്നുവരുന്നു.

3. സാർവത്രികമായ ഭവന നിർമ്മാണത്തിലൂടെ ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി വീട് വച്ച് നൽകുന്നതിന് ഒരു പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(സി) സമ്പൂർണ്ണ പാർപ്പിട പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ